**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3698** **20/06/2019-ൽ മറുപടിക്ക്**

**ഹോമിയോപ്പതിയിലൂടെ സമഗ്രമായ ആരോഗ്യപരിപാലനം**

**ചോദ്യം**

ശ്രീ.എം. സ്വരാജ്
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.ബി.സത്യൻ
ശ്രീ.കെ. ദാസൻ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹോമിയോപ്പതിയിലൂടെ സമഗ്രമായ ആരോഗ്യപരിപാലനം എന്ന ലക്ഷ്യം മുൻനിർത്തി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ പരിപാലനത്തിനായി ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം – എ** ആയി ചേർത്തിരിക്കുന്നു. |
| (ബി) | സാംക്രമികരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനും ഹോമിയോപ്പതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഹോമിയോപ്പതി വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധം – ബി** ആയി ചേർത്തിരിക്കുന്നു. |
| (സി) | വനിതകൾക്കായി സീതാലയം എന്ന പേരിൽ ആരോഗ്യപരിരക്ഷ, സാന്ത്വന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം, ആരോഗ്യ പരിപാലനം, മനോശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ് സീതാലയം. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തിനോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ധർ കൗൺസിലിംഗ് നൽകുന്നു. സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദു:ഖം പേറുന്ന ദമ്പതികൾക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/ പുകവലി/ ലഹരി ആസക്തികൾക്ക് വിധേയരായവരെ ചികിത്സിച്ച് ഭേദമാക്കുന്ന ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചു വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്. |
| (ഡി) | വകുപ്പിന്റെ കീഴിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ, വന്ധ്യതാനിവാരണ ചികിത്സക്കായി അമ്മയും കുഞ്ഞും പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കിവരുന്ന രണ്ട് പ്രധാന ആതുര സേവന പദ്ധതികളാണ് **ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആയുഷ് സമഗ്ര ചികിത്സാകേന്ദ്രങ്ങളും (ആയുഷ്മാൻ ഭവ), വന്ധ്യതാനിവാരണ ചികിത്സാപദ്ധതിയായ അമ്മയും കുഞ്ഞും (ജനനി)**.<br>ഈ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - സി, ഡി** ആയി ചേർത്തിരിക്കുന്നു. |

[signature]

സെക്ഷൻ ഓഫീസർ.

# ഹോമിയോപ്പതി വകുപ്പിനു കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന ആതുര സേവന പ്രവർത്തനങ്ങൾ

## ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികളിലൂടെയുള്ള ആതുര സേവനം

സംസ്ഥാനത്ത് നിലവിൽ 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും, കിടത്തി ചികിത്സാ സൗകര്യങ്ങളോടു കൂടിയ 34 ഹോമിയോ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ഈ ആതുര സ്ഥാപനങ്ങളിലൂടെ നവജാത ശിശുക്കൾ മുതൽ കൗമാരക്കാർ, യുവാക്കൾ, ഗർഭിണികൾ, അമ്മമാർ തുടങ്ങി വയോധികർ വരെയുള്ള എല്ലാ വിഭാഗങ്ങളിലുംപെട്ട പൊതു ജനങ്ങൾക്ക് സൗജന്യ ചികിത്സയും, പരിചരണവും, സാംക്രമിക രോഗങ്ങളെ ചെറുക്കുന്നതിനുള്ള പ്രതിരോധ മരുന്നുകളും നൽകി വരുന്നു.

## ക്യാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ)

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ക്യാൻസർ ചികിത്സയ്ക്കും സാന്ത്വന പരിചരണത്തിനും മറ്റുമായി ചേതന എന്ന പേരിൽ 10 കിടക്കകളോടു കൂടിയ ഒരു ക്യാൻസർ പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ ഒട്ടനവധി ക്യാൻസർ രോഗികൾക്ക് സാന്ത്വനവും പരിചരണവും സൗഖ്യവും നൽകി വരുന്നു. അഭൂതപൂർവ്വമായി വർദ്ധിച്ചുവരുന്ന ഭീഷണമായ ക്യാൻസർ എന്ന വിപത്തിനെ പ്രതിരോധിയ്ക്കുന്നതിനും സാന്ത്വനവും പരിചരണവും സൗഖ്യവും നൽകി വരുന്നു. അഭൂതപൂർവ്വമായി വർദ്ധിച്ചുവരുന്ന ഭീഷണമായ ക്യാൻസർ എന്ന വിപത്തിനെ പ്രതിരോധിയ്ക്കുന്നതിനും സാന്ത്വന ചികിത്സയ്ക്കുമായി സംസ്ഥാനത്തെ മറ്റെല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യകമായി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ സെന്ററുകളിലൂടെ ക്യാൻസർ സാന്ത്വന പരിചരണവും ചികിത്സയും നൽകി വരുന്നു.

## ആധുനിക ജീവിതശൈലി രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവ.)

ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലീ രോഗങ്ങളായ ക്യാൻസർ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പക്ഷാഘാതം, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സയും ആതുര സേവനവും പൊതുജനങ്ങൾക്ക് ആയുഷ്മാൻ ഭവ. കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

## വനിതാ ആരോഗ്യ സുരക്ഷാ – സാന്ത്വന പദ്ധതി ( സീതാലയം)

സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം, ആരോഗ്യ പരിപാലനം, മനോശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ് – സീതാലയം. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ദർ കൗൺസിലിംഗ് നൽകുന്നു. സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദു:ഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/ പുകവലി/ ലഹരി ആസക്തികൾക്ക് വിധേയരായവരെ ചികിത്സിച്ച് ഭേദമാക്കുന്ന ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ചു വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

## വയോജന പരിപാലന കേന്ദ്രങ്ങൾ

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും, വാർദ്ധക്യകാല രോഗപരിചരണങ്ങൾക്കും, ചികിത്സയ്ക്കുമായി ഫിസിയോ തെറാപ്പി യൂണിറ്റോടു കൂടിയ സുസജ്ജമായ ജെറിയാട്രിക് കെയർ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് വേണ്ട എല്ലാവിധ ആതുരസേവനങ്ങളും സാന്ത്വന പരിചരണവും ചികിത്സയും സൗജന്യമായി നൽകി വരുന്നു.

## കൗമാര ആരോഗ്യ പരിചരണ/പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി (സദ്ഗമയ)

കൗമാര പ്രായത്തിലുള്ള കുട്ടികളുടെ പഠന – വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും കൗമാര (മാനസിക – ശാരീരിക – ആരോഗ്യ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള 'സദ്ഗമയ' പദ്ധതി സംസ്ഥാന തലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ വഴി നടത്തി വരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിപാലനത്തോടൊപ്പം വ്യക്തിത്വ അപഭ്രംശങ്ങളും പരിഹരിക്കുന്നതിനായി കൗൺസിലിംഗ് അടക്കമുള്ള ചികിത്സാ സേവനങ്ങൾ ഈ സ്ഥാപനങ്ങളിലൂടെ നൽകി വരുന്നു.

## വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ജനനി)

സന്താന സൗഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ കുട്ടികളുണ്ടാകാൻ സഹായിക്കുന്ന കേന്ദ്രങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രധാനമായും പ്രവർത്തിച്ചുവരുന്ന വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ഇൻഫെർട്ടിലിറ്റി സെന്ററുകൾ). ഹോമിയോപ്പതി ആശുപത്രി/ ഡിസ്പെൻസറികളിലൂടെ പൊതുവിൽ ഇതിനുള്ള ചികിത്സ നൽകി വരുന്നെങ്കിലും വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേകം പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലെ ചികിത്സയിലൂടെ അനപത്യതാ ദു:ഖം അനുഭവിച്ചു വന്നിരുന്ന ഒട്ടനവധി ദമ്പതിമാർക്ക് പ്രയോജനം ലഭിച്ചത് ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. ഭാവിയിൽ കണ്ണൂർ ആസ്ഥാനമായുള്ള ഇൻഫർട്ടിലിറ്റി സെന്ററിനെ മികവിന്റെ കേന്ദ്രമായി (സെന്റർ ഓഫ് എക്സലൻസ്) ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.

## സാംക്രമിക രോഗ നിയന്ത്രണ പദ്ധതി

കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം (സാംക്രമിക രോഗ നിയന്ത്രണ പദ്ധതി) പ്രകാരം സാംക്രമിക രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജില്ലകൾ തോറും പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും, സെമിനാറുകളും ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകളും നടത്തി വരുന്നു. പ്രീ-മൺസൂൺ വേളയിലും വേനൽക്കാല പൂർവ്വഘട്ടത്തിലും സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു. സാംക്രമിക രോഗം വ്യാപകമാകുന്ന മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ – ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മെഡിക്കൽ ക്യാമ്പുകളിലൂടെയും, സന്നദ്ധ സംഘടനകൾ മുഖേനയും, റസിഡന്റ്സ് അസോസിയേഷൻ മുഖേനയും ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു.

## ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ

ആധുനിക ജീവിത ശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകൾ മൂലവും ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെൻററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകി വരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്ത:സ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയ്ഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെൻററുകൾ,

തിരുവനന്തപുരം, ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്ക് തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ പലവിധ രോഗങ്ങൾക്കുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ലാ ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**മൊബൈൽ ഹോമിയോ ക്ലിനിക്കുകൾ**

ഇടുക്കി, വയനാട് ജില്ലകളിലെ ദുർഘട മേഖലകളിൽ പാർക്കുന്നവരുടെ ആരോഗ്യ പരിപാലനത്തിനായി ഹോമിയോപ്പതിയുടെ സേവനം ലഭ്യമാക്കുന്നതിന് സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

**ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ**

ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട് തീരദേശവാസികളായ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി 3 ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

**തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവ കാലങ്ങളിലെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ**

ശബരിമല, പമ്പ, സന്നിധാനം, കരിമല, ആലുവ (ശിവരാത്രി), ഗുരുവായൂർ(ഏകാദശി), മലപ്പുറം ഹജ്ജ് കേന്ദ്രം, ആറ്റുകാൽ(പൊങ്കാല മഹോത്സവം) എന്നിവിടങ്ങളിൽ ഉത്സവ കാലങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ച് തീർത്ഥാടകർക്ക് ഓരോ വർഷവും ആതുര സേവനം നൽകിവരുന്നു.

**ജയിലുകൾ/ അനാഥമന്ദിരങ്ങൾ/ വൃദ്ധമന്ദിരങ്ങൾ/ അംഗൻവാടികൾ എന്നിവിടങ്ങളിലെ ഹോമിയോപ്പതി ആതുര സേവനം**

കണ്ണൂർ സെൻട്രൽ ജയിൽ, അനാഥമന്ദിരങ്ങൾ, വയോജന മന്ദിരങ്ങൾ, അംഗൻവാടികൾ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഹോമിയോപ്പതി വകുപ്പിലെ സേവന സന്നദ്ധരായ ഡോക്ടർമാർ സൗജന്യ ചികിത്സ നൽകി വരുന്നു.

**പട്ടികജാതി സങ്കേതങ്ങളിലെ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ**

കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 29 പട്ടികജാതി കോളനികളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സ്പെഷ്യൽ കംപോണൻറ് പ്ലാൻ പ്രകാരം പട്ടികജാതി വകുപ്പിന്റെ ധനസഹായത്താൽ ഹോമിയോപ്പതി ഹെൽത്ത് സെൻററുകൾ പ്രവർത്തിച്ചുവരുന്നു. ഈ കോളനികളിൽ താമസിക്കുന്ന ഭൂരിഭാഗം വരുന്ന പട്ടികജാതിക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഈ കേന്ദ്രങ്ങളിലൂടെ പരിഹാരങ്ങളും ആവശ്യമായ മറ്റ് ആതുര സേവനങ്ങളും നൽകി വരുന്നു.

**പെരിഫറൽ ഒ.പി. സെന്ററുകൾ**

ഹോമിയോപ്പതി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ആതുരാലയങ്ങൾക്ക് പുറമേ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സാമൂഹ്യ/സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും അപേക്ഷയും അഭ്യർത്ഥനകളും കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 40 പെരിഫറൽ ഒ.പി. സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലൂടെ തദ്ദേശീയരായ പൊതുജനങ്ങൾക്ക് ഹോമിയോപ്പതിയുടെ സേവനവും ചികിത്സയും നൽകി വരുന്നു.

**ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് സെന്ററുകൾ**

ഹെപ്പറ്റൈറ്റിസ് ബി എന്ന കരൾ രോഗത്തിനുള്ള പ്രത്യേക ചികിത്സയ്ക്കും പരിചരണത്തിനുമായി 2018-19-ൽ തിരുവനന്തപുരം ആറ്റിങ്ങൽ ഹോമിയോ ആശുപത്രിയിൽ ഒരു ഹോമിയോപ്പതിക് ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെൻറ് ക്ലിനിക്ക് ആരംഭിച്ചു. ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ കരൾ രോഗങ്ങൾക്ക് ഹോമിയോപ്പതിയുടെ ചികിത്സയും സേവനവും ഈ കേന്ദ്രത്തിലൂടെ നൽകുന്നതാണ്.

**ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക് (നിസർഗ)**

ഈ വർഷം (2019-20) പുതുതായി ട്രാൻസ്ജെൻഡേഴ്സിനായി സാമൂഹ്യ-ആരോഗ്യ-മാനസിക-വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി ഹോമിയോപ്പതി വകുപ്പ് ഒരു ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക് പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ ഈ വർഷം തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രിയിൽ ആരംഭിച്ചു. ഹോമിയോപ്പതി ചികിത്സയോടൊപ്പം നിയമസഹായവും സാമൂഹ്യ സമത്വവും സുരക്ഷയും നൽകുവാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം — ബി**

# സാംക്രമിക രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും ഹോമിയോപ്പതി വകുപ്പ് സ്വീകരിച്ച നടപടികൾ

സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഹോമിയോപ്പതി വകുപ്പിൽ 07-09-2004-ലെ ജി.ഒ (ആർ.റ്റി) നം. 2543/04/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം **ദ്രുത കർമ്മ സാംക്രമിക രോഗ നിയന്ത്രണ സമിതി — ഹോമിയോപ്പതി (Rapid Action Epidemic Control Cell - Homoeopathy)** രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ കർമ്മ സമിതിയ്ക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും സുസജ്ജമായി പ്രവർത്തിക്കുന്ന എക്സ്പെർട്ട് ഗ്രൂപ്പുകൾ ഉണ്ട്. മഴക്കാല/വേനൽക്കാല/ സാംക്രമിക രോഗങ്ങൾ വ്യാപകമാകുന്ന വേളകളിൽ ഹോമിയോപ്പതി വൈദ്യശാസ്ത്ര പ്രകാരം സമൂഹ രോഗലക്ഷണങ്ങളെ സമഗ്രമായി അപഗ്രഥിച്ച് കൊണ്ട് എക്സ്പെർട്ട് ഗ്രൂപ്പുകൾ രോഗത്തിനുള്ള പ്രതിരോധ മരുന്നുകൾ (Genus Epidemicus) കണ്ടെത്തുകയും അവശ്യ ഘട്ടങ്ങളിൽ രോഗികളുടെയും പൊതുജനങ്ങളുടെയും അഭ്യർത്ഥന പ്രകാരം പ്രസ്തുത മരുന്നുകൾ രോഗ പ്രതിരോധത്തിനായി നൽകുകയും ചെയ്തു വരുന്നു. കൂടാതെ രോഗങ്ങൾ വ്യാപകമായി സംക്രമിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു. ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള RAECH-ന്റെ നേതൃത്വത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നല്ലൊരളവോളം സഹായിച്ചിട്ടുണ്ടെന്ന് പൂർവ്വകാല ചരിത്രം വെളിപ്പെടുത്തുന്നു. എല്ലാ വർഷവും റീച്ചിന്റെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

ഈ വർഷം മഴക്കാല പൂർവ്വരോഗങ്ങളും (pre-monsoon epidemics), വേനൽക്കാല രോഗങ്ങളും സാംക്രമിക രോഗങ്ങളും പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി **മഴക്കാല/ പകർച്ചവ്യാധി വാർഷിക കർമ്മപദ്ധതി 2019-20** തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കർമ്മപദ്ധതിയുടെ വിശദമായ രൂപരേഖ 09-05-2019-ൽ നടന്ന ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ അവതരിപ്പിക്കുകയും വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കർമ്മ പദ്ധതി പ്രകാരം ജില്ലാ/പ്രാദേശിക തലങ്ങളിൽ മഴക്കാലരോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് വിദ്യാലയങ്ങളിലും കുടുംബയോഗങ്ങളിലും ആരോഗ്യ സേവന രംഗത്തെ മറ്റു വകുപ്പുകളുമായി സംയോജിച്ച് മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആരോഗ്യ/ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സാംക്രമിക രോഗങ്ങൾ വ്യാപകമായ

ഇടങ്ങളിലും (ഹോട്ട് സ്പോട്ട്) രോഗങ്ങൾ പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുള്ള മേഖലകളിലും (epidemic prone area) മുൻകൂട്ടിക്കണ്ട് കരുതൽ നടപടികളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നതാണ്. രോഗം വ്യാപകമാകുന്ന അടിയന്തിര ഘട്ടങ്ങളിൽ രോഗികളുടെയും പൊതുജനങ്ങളുടെയും ആവശ്യം പരിഗണിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രതിരോധമരുന്നും ചികിത്സയും നൽകുന്നതുമാണ്.

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലെയും പട്ടിക ജാതി കോളനികളിൽ പ്രവർത്തിക്കുന്ന 29 എസ്.സി. പി. ഹെൽത്ത് സെന്ററുകളിലെയും 34 സർക്കാർ ഹോമിയോ ആശുപത്രികളിലെയും ആലപ്പുഴ ജില്ലയിലെ 3 ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികളിലെയും ഇടുക്കി, വയനാട് ജില്ലകളിലെ മൊബൈൽ ഹോമിയോ ക്ലിനിക്കുകളിലെയും സംവിധാനങ്ങൾ മഴക്കാല രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഉപയോഗപ്പെടുത്തുന്നതാണ്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങളിൽ സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതുമാണ്. മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഈ സ്ഥാപനങ്ങളിലെ ഹോമിയോപ്പതി ഡോക്ടർമാർ സദാ സന്നദ്ധരുമാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം – സി**

# അമ്മയും കുഞ്ഞും (ജനനി)
# (Mother & Child – Homoeopathic Fertility Care Centre)

സമൂഹത്തിൽ അനപത്യതാ ദുഃഖം (sorrow of infertility) അനുഭവിക്കുന്ന നിരാശരും ഹതാശരുമായ ദമ്പതികൾക്ക് സന്താന സൗഭാഗ്യത്തിലൂടെ സന്തോഷവും സായൂജ്യവും കൈവരുത്തുക എന്ന ലക്ഷ്യത്തോടെ ഹോമിയോപ്പതി വകുപ്പ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 2017-ൽ ആരംഭിച്ച ജനോപകാരപ്രദമായ ഒരു വാർഷിക പദ്ധതിയാണ് – **ജനനി** (Mother).

അമ്മയും കുഞ്ഞും എന്ന പേരിൽ 2008 മുതൽ ആഴ്ചയിൽ ഒരിക്കൽ പ്രവർത്തിച്ച് വന്നിരുന്ന സ്പെഷ്യൽ ഒ.പി. ക്ലിനിക്കുകളിലൂടെയും 2010-11 –ൽ ആരംഭിച്ച ഹോമിയോപ്പതി വകുപ്പിന്റെ ലിംഗാധിഷ്ഠിത സ്ത്രീസാന്ത്വനപദ്ധതിയായ സീതാലയ (Women Health Care Centre) ത്തിന്റെ ഭാഗമായി ആരംഭിച്ച വന്ധ്യതാ നിവാരണ കേന്ദ്രങ്ങളിലൂടെയും കുട്ടികളില്ലാത്ത ഒട്ടേറെ ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ സന്താന സൗഭാഗ്യം നൽകുവാൻ കഴിഞ്ഞു. വന്ധ്യതാ നിവാരണ ചികിത്സാ രംഗത്തെ ഈ വിജയമാണ് ജനനി എന്ന പേരിൽ ഒരു പദ്ധതിയുടെ പൂർണ്ണരൂപത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഹോമിയോപ്പതി വകുപ്പിന് പ്രേരണയും പ്രചോദനവുമായത്. 2017-18-ൽ **ജനനി** എന്ന പേരിൽ ഔപചാരികമായി പ്രവർത്തനമാരംഭിച്ച ഈ പദ്ധതിയുടെ സേവനം ഇന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ലഭ്യമാണ്. തനതായ ഹോമിയോ ചികിത്സയോടൊപ്പം ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനംകൂടി ഈ സെന്ററുകളിൽ ലഭ്യമാണ്. എല്ലാ ജില്ലകളിലും ഈ പദ്ധതിക്ക് വന്ധ്യതാ നിവാരണ ചികിത്സയിൽ വൈദഗ്ധ്യം നേടിയ ഒരു ഹോമിയോ ഡോക്ടർ കൺവീനറായും സംസ്ഥാന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് കൺവീനറും പ്രവർത്തിച്ച് വരുന്നു.

ജനനി എന്ന പദ്ധതിയിലൂടെ ജൻമംകൊണ്ട കുട്ടികളാണ് ഈ പദ്ധതിയുടെ വിജയത്തിന്റെ അനിഷേധ്യമായ ജീവിക്കുന്ന ദൃഷ്ടാന്തങ്ങൾ (living examples).

2019-20 ലെ വാർഷിക പദ്ധതിയിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ ജനനി കേന്ദ്രത്തെ മികവിന്റെ കേന്ദ്രമായി (Centre of Excellence) ഉയർത്തുവാനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യപ്പെടുന്നു.

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം – ഡി

# AYUSH Holistic Centre for Prevention and Management of Life Style Diseases (AYUSHMAN BHAVA)

## ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആയുഷ് സമഗ്ര ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവ:)

ആധുനിക സമൂഹത്തിൽ അധികരിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ ആയ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, ക്യാൻസർ, ഗർഭാശയ രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഹോമിയോപ്പതി ചികിത്സയോടൊപ്പം, പ്രകൃതി ജീവനം, യോഗ എന്നീ ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് **ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ് (ആയുഷ്മാൻ ഭവ:).** പന്ത്രണ്ടാം പദ്ധതിയുടെ (2012-2017) പ്രഥമ വർഷമായ 2012-2013 ലെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്തും, കോഴിക്കോട്ടും ആരംഭിച്ച ഈ പദ്ധതിയുടെ സേവനം ഇന്ന് എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ലഭ്യമാണ്. ഹോമിയോ ഡോക്ടർ, നാച്ചുറോപതി ഡോക്ടർ, തെറാപ്യൂട്ടിക് യോഗ ട്രെയിനർ എന്നിവരുടെ ഒരു സംഘം രോഗിയെ സമഗ്രമായി പരിശോധിച്ച് രോഗ ചികിത്സയ്ക്കായുള്ള ജീവിതചര്യകളും, മരുന്നുകളും, യോഗ പരിശീലനവും മറ്റ് ഉചിത മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നു. ഹോമിയോപ്പതി ഡോക്ടർ സമഗ്രമായ കേസ് ടേക്കിംഗിലൂടെ രോഗിയ്ക്ക് അനുയോജ്യമായ കോൺസ്റ്റിറ്റ്യൂഷണൽ റെമഡി കണ്ടെത്തുന്നു. നാച്ചുറോപതി ഡോക്ടർ രോഗ ശാന്തിയ്ക്ക് ഉതകുന്ന ജീവിതചര്യകളും ഭക്ഷണ രീതികളും നിർദ്ദേശിക്കുന്നു. രോഗത്തെ ഉന്മൂലം ചെയ്യുന്നതിനും ആരോഗ്യം വീണ്ടെടുക്കുന്നതിനുമുള്ള യോഗാസനങ്ങൾ യോഗാ ട്രെയിനർ പരിശീലിപ്പിക്കുന്നു. ഇത്തരത്തിലുള്ള സമഗ്ര ചികിത്സയാണ് ഈ കേന്ദ്രങ്ങളിലൂടെ രോഗികൾക്ക് നൽകുന്നത്. കൂടാതെ ഇത്തരം രോഗങ്ങൾ വരാതെ പ്രതിരോധിക്കുന്നതിനുള്ള ജീവിതചര്യകളും പ്രതിരോധ മരുന്നുകളും ഈ കേന്ദ്രങ്ങളിലൂടെ നിർദ്ദേശിക്കപ്പെടുന്നു. സമൂഹത്തിലെ ചില വിഭാഗങ്ങളിൽ അധികരിച്ചു വരുന്ന ജീവിതശൈലി രോഗങ്ങൾ കണ്ടെത്തി അവ ചികിത്സിക്കുന്നതിനുള്ള ഔട്ട് റീച്ച് ആക്ടിവിറ്റിസും ഈ പദ്ധതിയിലൂടെ നടത്തപ്പെടുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ ഈ പദ്ധതിയിലൂടെ നടത്തപ്പെടുന്നു. നിലവിലുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള ഇത്തരം സമഗ്ര ചികിത്സാ പദ്ധതികളാണ് ആധുനിക ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനുമുള്ള ഇന്നിന്റെ കാലികമായ ആവശ്യവും ആയുഷ് സമ്പ്രദായങ്ങളുടെ പ്രസക്തിയും. ഈ കാലിക പ്രസക്തിയും പ്രധാന്യവും തിരിച്ചറിഞ്ഞ് കൊണ്ട് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഏറ്റവും ജനോപകാര പ്രദമായ പദ്ധതികളിലൊന്നാണ് ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ് **(ആയുഷ്മാൻ ഭവ:)**

സെക്ഷൻ ഓഫീസർ